# <u>കാലിക്കറ്റ് സർവകലാശാല</u>

## <u>ആഭ്യന്തര കണക്കുപരിശോധന വിഭാഗം (ഫിനാൻസ് ബ്രാഞ്ച് )</u>

### <u>സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ,JMC തൃശ്ശൂർ , കണക്കുപരിശോധന റിപ്പോർട്ട് -2019</u>

12159/FIN-INT.AUDIT-2/2019/Fin. 23.05.2019

ആഭ്യന്തര കണക്കുപരിശോധന വിഭാഗം 28.3.2019, 29.3.2019 എന്നീ തിയ്യതികളിലായി സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, തൃശ്ശൂർ ജോൺ മത്തായി സെന്ററിൽ നടത്തിയ കണക്കുപരിശോധനയുടെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

കണക്കുപരിശോധന സംഘാംഗങ്ങൾ :

**സെക്ഷൻ ഓഫീസർ : രജനീദേവി .പി.കെ.**

**അസ്സിസ്റ്റന്റ്സ് : സത്യനേശൻ.സി**

**മനോജ്കുമാർ.ടി**

അഡിഷണൽ കോ-ഓർഡിനേറ്റർ : Dr.വി.എം. സേവ്യർ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ :സുനിത.

ലൈബ്രേറിയൻ :സുധ.കെ. ആർ .

ഗസ്റ്റ് ലെക്ചറ്റെർ :3

പ്യൂൺ :2

**<u>ക്യാഷ് ബുക്ക്</u> :**

a)സ്ഥാപനത്തിലെ ക്യാഷ് ബുക്ക് നന്നായിട്ടു സൂക്ഷിക്കുന്നുണ്ട്. 26.3.2019 ലെ ക്യാഷ് ബുക്കിലെ ബാലൻസ് 2,49,392.25 രൂപയാണ്. 26.3.2019 ലെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ ബാലൻസ് 2,49,392.25 ആണ്. തുകകൾ തമ്മിൽ വ്യത്യാസം കാണുന്നില്ല.

b) ചെക്ക് No.319649, Rs. 12570, dtd. 15.3.19 ക്യാന്സല് ചെയ്ത ചെക്ക് ആയിട്ടാണ് സ്ലിപ്പിൽ രേഖപ്പെടുത്തിയിരുക്കുന്നതു.പക്ഷെ ക്യാഷ് ബുക്കിൽ ക്യാന്സല് ചെയ്തതായിട്ടു രേഖപ്പെടുത്തിയിട്ടില്ല. ഇത് കൃത്യമാക്കി വെക്കേണ്ടതാണ്.

**<u>ബാങ്ക് അക്കൗണ്ട് :</u>**സ്ഥാപനത്തിലെ ദിവസേനയുള്ള ചിലവുകൾ, സേവിങ്സ് ബാങ്ക് അക്കൗണ്ട് No.57014233278 വഴിയാണ് നടത്തുന്നത്.26.3.19 ലെ ബാങ്ക് സ്റ്റെമെന്റിലെ തുക 2,49,392.25 രൂപയാണ്.

**<u>ഇങ്കംബെന്റ് രജിസ്റ്റർ.:</u>**പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല.സ്ഥാപനത്തിൽ വർക്ക് ചെയ്തവരുടെയും നിലവിൽ വർക്ക് ചെയ്യുന്നവരുടെയും വിവരങ്ങൾ പ്രസ്തുത രെജിസ്റ്ററിൽ രേഖപ്പെടുത്തിവെക്കേണ്ടതാണ്.

**<u>ആൻസർ ഷീറ്റ് രജിസ്റ്റർ :</u>**പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ ആൻസർ ഷീറ്റുകളുടെ എണ്ണം താഴെ പറയും വിധമാണ്.

| Code | Main Sheet | Code | Addl. Sheet |
|---|---|---|---|
| OX | 32 | BX | 108 |
| BY | 22 | AX | 251 |
| AY | 50 | CX | 52 |
| | | SX | 682 |
| | | VX | 77 |
| | | EX | 363 |

**PTA ക്യാഷ് ബുക്ക് :**സ്ഥാപനത്തിൽ PTA രൂപീകരിക്കുകയും നന്നായിട്ടു പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. 27.3.19 ലെ ക്യാഷ് ബുക്കിലെ ബാലൻസ് 199676 രൂപയാണ് . 27.3.2019ലെ ബാങ്ക് സ്റ്റെമെന്റിലെ ബാലൻസ് 199676 രൂപയാണ്. വ്യത്യാസം കാണുന്നില്ല .

**പെർമനെന്റ് അഡ്വാൻസ് രജിസ്റ്റർ :** സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്ന അഡ്വാൻസ് തുക 20,000/- രൂപയാണ്.16.1.18നു 16526 രൂപ അക്കൗണ്ടിൽ ഉള്ളതായിട്ടു കാണുന്നു.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ :** 2018-19 വർഷത്തിൽ ഇ-ഗ്രന്റ്സിനു അർഹതയുള്ളവർ SC -16,OEC-18 ആകെ 34 കുട്ടികളാണുള്ളത്. 2017-18വർഷത്തിൽ ഒന്നാം വർഷ കുട്ടികൾ ST-1,SC-11, OEC-12 .ആകെ 24 കുട്ടികളാണുള്ളത്. 2018-19 വർഷത്തെ കുട്ടികളുടെ ഇ-ഗ്രാന്റ്സ് തുക മാത്രമാണ് കിട്ടാനുള്ളത്.

**അഡ്മിഷൻ രജിസ്റ്റർ :** സ്ഥാപനത്തിലെ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ റെഗുലർ MBA കോഴ്സിന് പുറമെ ഈവെനിംഗ് ബാച്ച് കൂടി നടത്തുന്നുണ്ട്. കൂടാതെ MBA -HCM കോഴ്സും സെന്ററിൽ നടത്തുന്നുണ്ട്. സ്ഥാപനം ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

**ധനവിനിയോഗ രജിസ്റ്റർ :**പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ ധനവിനിയോഗത്തിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് .ചില പേജുകളിൽ വൈറ്റ്നർ ഉപയോഗിച്ചതായിട്ടു കാണുന്നു.

**അക്സെഷൻ രജിസ്റ്റർ :**സ്ഥാപനത്തിന്റെ ലൈബ്രറിയിലുള്ള ആകെ പുസ്തകങ്ങൾ **6692** ആണ്. കേടുപാടുകൾ സംഭവിച്ചതോ നഷ്ടപ്പെട്ടതോ ആയ പുസ്തകങ്ങൾ ഇല്ല .ഇൻവോയ്സ് Nos. 5669,5635 (dtd.31.12.2018,1712.2018 )പ്രകാരം 532 പുസ്തകങ്ങൾ ,Rs. 30000 ക്ക് വാങ്ങിയതായിട്ടു കാണുന്നു.

CU.Campus Suresh K.K

20.05.2019

FINANCE OFFICER